**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ഡോ. ജോസ്ന ജോയ്, അസിസ്റ്റന്റ് സർജൻ- പുനർ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ3- 18193/2021/ആ.വ.ഡ തീയതി 26.04.2021
2. ഡോ. ജോസ്ന ജോയ് സമർപ്പിച്ച അപേക്ഷ തീയതി 26.09.2022

**ഉത്തരവ് നം. ഇ.എ3 -18193/2021/ആ.വ.ഡ തീയതി 24.01.2023**

Dr Josna Joy, Pathuthayil Valiya Veedu, Kommady Ward, Alappuzha 688008 കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (1) പ്രകാരം കാസറഗോഡ് ബേഡഡുക്ക താലൂക്ക് ആശുപത്രിയിൽ നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചില്ലായെന്നും രണ്ടുമാസത്തെ സാവകാശം നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ഡോ. ജോസ്ന ജോയ് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. ജോസ്ന ജോയ് യെ **കണ്ണൂർ ജില്ലയിലെ കീഴ്പ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ** പുനർ നിയമിച്ച് ഉത്തരവാകുന്നു. ടിയാൾ **01.02.2023** തീയതിയ്ക്കകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം **കണ്ണൂർ** ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം ഇനിയൊരറിയിപ്പ് കൂടാതെ തന്നെ നോൺ ജോയിനിംഗ് ഡ്യൂട്ടിയായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. നന്ദകുമാർ.കെ.വി**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്:
Dr Josna Joy, Pathuthayil Valiya Veedu, Kommady Ward, Alappuzha 688008

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം), കാസറഗോഡ്/ കണ്ണൂർ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട സൂപ്രണ്ടുമാർ/ മെഡിക്കൽ ആഫീസർമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**